# പതിമൂന്നാം കേരളനിയമസഭ
## എട്ടാം സമ്മേളനം

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം.71</u> <u>20/03/2013 ൽ മറുപടിക്ക്</u>

## കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ

**ചോദ്യം**

**ശ്രീ. പി. കെ. ബഷീർ**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. റ്റി. എ. അഹമ്മദ് കബീർ**
**ശ്രീ. പി. ഉബൈദുള്ള**

**മറുപടി**

**ശ്രീ. വി. എസ്. ശിവകുമാർ**
**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)**

---

| | | | |
|---|---|---|---|
| (എ) | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ രൂപീകരിച്ചതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കുമോ; | (എ) | ആരോഗ്യ വകുപ്പിന്റെയും, ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന്റെയും കീഴിൽ വരുന്ന എല്ലാ ആശുപത്രികൾക്കും ആവശ്യമായ മരുന്നുകളും, മരുന്നുല്പന്നങ്ങളും സംഭരിച്ച് വിതരണം ചെയ്യുന്നതിനായുള്ള ഒരു കേന്ദ്രീകൃത ഏജൻസിയായി പ്രവർത്തിക്കുക എന്നതാണ് കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ രൂപീകരിച്ചതിന്റെ പ്രധാന ഉദ്ദേശം. കൂടാതെ ആശുപത്രികൾക്കാവശ്യമായ ആധുനിക മെഡിക്കൽ, പാരാമെഡിക്കൽ ഉപകരണങ്ങളും, അനുബന്ധ സജ്ജീകരണങ്ങളും- ഉദാഹരണമായി പാത്തോളജി ലാബ്, ഡയഗ്നോസ്റ്റിക് സെന്റർ, എക്സ്റേ/സ്കാനിംഗ് എന്നിവയ്ക്കാവശ്യമായവ, ആംബുലൻസിന്റെ സേവനം തുടങ്ങിയവയാണ് കോർപ്പറേഷന്റെ മേൽ ഏല്പിച്ചിട്ടുള്ള പ്രധാന ചുമതലകൾ. മരുന്നു മാർക്കറ്റിൽ സർക്കാർ ഇടപെടലിന്റെ ഫലമായി കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ കീഴിൽ ആരംഭിച്ച കാരുണ്യാ കമ്മ്യൂണിറ്റി ഫാർമസിയിലൂടെ സാധാരണക്കാർക്ക് ബ്രാന്റഡ് മരുന്നുകൾ വളരെ കുറഞ്ഞ |

| | | | |
|---|---|---|---|
| | | | വിലയ്ക്ക് ലഭ്യമാക്കാൻ സാധിക്കുന്നു. നിലവിൽ തിരുവനന്തപുരം, ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട്, എന്നീ ജില്ലകളിൽ കാരുണ്യാ കമ്മ്യൂണിറ്റി ഫാർമസിയുടെ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ രൂപീകരിച്ചതിനു പിന്നിലെ മറ്റു ചില ഉദ്ദേശലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്.<br>1. മരുന്നുകളുടേയും മരുന്നുല്പന്നങ്ങളുടേയും സംഭരണത്തിലും വിതരണത്തിലും സമ്പൂർണ്ണ സുതാര്യത ഉറപ്പുവരുത്തുക,<br>2. മത്സര വിലകളിലൂടെ (കോമ്പിറ്റീറ്റീവ് പ്രൈസ്) ഗുണനിലവാരമുള്ള മരുന്നുകളും മരുന്നുല്പന്നങ്ങളും വാങ്ങി സംഭരിക്കുക,<br>3. കാര്യക്ഷമമായ ദീർഘവീക്ഷണത്തിലൂടെ മരുന്നു ബഡ്ജറ്റിൽ നേട്ടം കൈവരിക്കുക,<br>4. മരുന്നുകൾ കാലാവധി കഴിഞ്ഞു ഉപയോഗശൂന്യമാകുന്നത് ഒഴിവാക്കുക,<br>5. സർക്കാരിന് നഷ്ടം വരാതെയും ആശുപത്രികളിൽ ലഭ്യതക്കുറവ് അനുഭവപ്പെടാതെയും പരമാവധി ഉപഭോഗം (ഓപ്റ്റിമം യൂട്ടിലൈസേഷൻ) നടത്തുക,<br>6. സൂക്ഷ്മതയോടെ മരുന്നു വാങ്ങുന്ന പ്രക്രിയയിലൂടെ മരുന്നു വാങ്ങുന്നതിനുള്ള ചെലവുകൾ പരമാവധി കുറയ്ക്കുക,<br>7. മരുന്നുകൾ വാങ്ങി, സംഭരിച്ച്, വിതരണം ചെയ്യുന്ന പദ്ധതികൾ ഐ.റ്റി.യുടെ സഹായത്തോടെ മികവുറ്റതാക്കുക.<br>8. മരുന്നുകളുടെ ഗുണനിലവാരം ക്രമമായി നിരീക്ഷിക്കുന്നതിനായി സുസ്സജ്ജമായ ഗുണനിലവാര |

| | | | |
|---|---|---|---|
| | | | പരിശോധനാ കേന്ദ്രം പ്രത്യേകം നിലനിർത്തുക,<br>9. ജില്ലാ വെയർഹൗസുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക എന്നിവയാണ്.<br>നിലവിൽ കേരളത്തിലെ ആരോഗ്യ വകുപ്പിന്റെയും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന്റെയും കീഴിലുള്ള സർക്കാർ ആശുപത്രികൾക്കാവശ്യമായ മരുന്നുകൾ മുൻകൂട്ടി ലഭിക്കുന്ന ഇൻഡന്റ് പ്രകാരം ടെണ്ടർ നടപടിക്രമങ്ങളിലൂടെ ഗുണനിലവാരമുള്ള മരുന്നുകൾ സംഭരിച്ച് വിതരണം ചെയ്തു വരുന്നു. കൂടാതെ സർക്കാർ ആശുപത്രികൾക്കാവശ്യമായ ഉപകരണങ്ങളും വിതരണം ചെയ്തു വരുന്നു. ഇതു കൂടാതെ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയിലൂടെ വിവിധ കമ്പനികളുടെ മിക്ക ഇനം ജീവൻ രക്ഷാ മരുന്നുകളും, മറ്റു മരുന്നുല്പന്നങ്ങളും വിപണി വിലയേക്കാൾ 93 ശതമാനം വരെ വിലക്കുറവിൽ നൽകി വരുന്നു. |
| (ബി) | അവശ്യ മരുന്നുകൾ വിലകുറച്ച് രോഗികൾക്ക് ലഭ്യമാക്കുന്നതിന്റെ ഭാഗമായി കോർപ്പറേഷൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (ബി) | സർക്കാർ ആശുപത്രികളെ സമീപിക്കുന്ന രോഗികൾക്ക് അവശ്യ മരുന്നുകളുടെ പട്ടിക പ്രകാരമുള്ള ജനറിക് മരുന്നുകൾ സൗജന്യമായി ലഭിക്കുന്നുണ്ട്. കൂടാതെ അവശ്യമരുന്നുകൾ വിലകുറച്ച് ലഭ്യമാക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം, ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട് എന്നീ സർക്കാർ മെഡിക്കൽ കോളേജുകളിലും തിരുവനന്തപുരം ജില്ലയിലെ കല്ലറ സാമൂഹികാരോഗ്യ കേന്ദ്രത്തിലും കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത ഫാർമസികളിൽ നിന്നും ജീവൻ രക്ഷാ മരുന്നുകൾ ഉൾപ്പടെ എല്ലാ മരുന്നുകളും പൊതുവിപണിയേക്കാൾ 93 ശതമാനം വരെ വിലക്കുറവിൽ ജനങ്ങൾക്ക് ലഭ്യമാണ്.<br>ഇതു കൂടാതെ കാരുണ്യ ബെനവലന്റ് ഫണ്ട് വഴി ചികിത്സാ സഹായം ലഭിക്കുന്ന രോഗികൾക്ക് |

| | | | |
|---|---|---|---|
| | | | ഹീമോഫീലിയ, ഡയാലിസിസ് എന്നിവയ്ക്കുള്ള മരുന്നുകൾ വളരെ കുറഞ്ഞ വിലയിൽ പ്രസ്തുത ഫാർമസികൾ വഴി ലഭ്യമാക്കുന്നുണ്ട്. |
| (സി) | സ്ഥിരം രോഗികൾക്ക് ആവശ്യമായ മരുന്നുകൾ പലതും, കോർപ്പറേഷൻ ഔട്ട്ലെറ്റുകളിൽ ലഭ്യമല്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) & (ഡി) | ഇല്ല.<br>തിരുവനന്തപുരം മെഡിക്കൽ കോളേജിലെ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയിലെ ശരാശരി പ്രതിദിന വില്പന 8.5 ലക്ഷം രൂപയാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ചികിത്സയ്ക്കു വരുന്ന പാവപ്പെട്ട രോഗികൾക്ക് പ്രസ്തുത ഫാർമസി ഒരു സഹായഹസ്തമായി പ്രവർത്തിക്കുന്നു എന്ന് ഇതിൽ നിന്നു തന്നെ വ്യക്തമാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ കാരുണ്യ ഫാർമസിയിൽ ഇപ്പോൾ 7150 ഇനം മരുന്നുകളുൾപ്പടെയുള്ള സർജിക്കൽ ഉപകരണങ്ങളും ലഭ്യമാണ്.<br>മറ്റു മെഡിക്കൽ കോളേജുകളിൽ ഫാർമസി ആരംഭിച്ചിട്ട് ഒരു മാസം തികയുന്നതേയുള്ളൂ. ജനങ്ങളുടെ ആവശ്യകതയനുസരിച്ച് ഓരോ ഫാർമസിയിലും കൂടുതൽ മരുന്നുകൾ ലഭ്യമാക്കുന്നതാണ്. |
| (ഡി) | എങ്കിൽ അതു പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ